# ബാബയെ പ്രത്യക്ഷപ്പെടുത്തുന്നതിനായി തന്റെയും മറ്റുള്ളവരുടെയും വൃത്തിയെ പോസിറ്റീവാക്കൂ

ഇന്ന് വിശ്വമംഗളകാരിയായ ബാപ്ദാദ തന്റെ നാനാഭാഗത്തുമുളള കുട്ടികളെക്കണ്ട് സന്തോഷിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ കുട്ടികളുടെയും മനസ്സിന്റെ ഉണർവ്വ് കണ്ടുകൊണ്ടുമിരിക്കുന്നുണ്ട്. കേട്ടുകൊണ്ടുമിരിക്കുന്നുണ്ട്. എല്ലാവരുടെയുമുളളിൽ ഈയൊരു ലക്ഷ്യമാണുളളത്, എത്രയും പെട്ടെന്ന് ബാബയ്ക്ക് സമാനമായിത്തീരണം. ലക്ഷ്യത്തെക്കണ്ട്, ധൈര്യത്തെക്കണ്ട്, ശ്രേഷ്ഠ സങ്കല്പത്തെക്കണ്ട്, ബാപ്ദാദ സന്തുഷ്ടമാണ്. അതിനോടൊപ്പം ബാബ കാണുന്നു, ലക്ഷ്യം എല്ലാവരുടെയും വളരെ ഉയർന്നതാണ്, എന്നാൽ പ്രത്യക്ഷ രൂപത്തിൽ ലക്ഷണം നമ്പർവൈസാണ്. ലക്ഷ്യവും ലക്ഷണവും സമാനമാവുക അർത്ഥം ബാപ്സമാനമാവുക എന്നതാണ്. ആരെല്ലാമാണോ സേവനത്തിന്റെ വേദിയിൽ നിമിത്തമായ കുട്ടികൾ, അവർ സദാ ഒരേയൊരു സങ്കല്പത്തിലാണിരിക്കുന്നത്, ബാബയുടെ പ്രത്യക്ഷത എപ്പോഴുണ്ടാകുന്നു, എങ്ങനെ ചെയ്യും? ഇങ്ങനെയുളള സങ്കല്പമല്ലേ ഉണ്ടാകുന്നത്... ബാബ കുട്ടികളോട് ചോദിക്കുന്നു, കുട്ടികളേ, താങ്കൾ എപ്പോൾ സമ്പന്നവും സമ്പൂർണ്ണവുമായി സ്വയത്തെ പ്രത്യക്ഷപ്പെടുത്തും? ബാബയുടെ ചോദ്യം കുട്ടികളോടാണ്, അതിന്റെ തിയ്യതി എപ്പോൾ നിശ്ചയിക്കും? അതോ ആ തിയ്യതി നിശ്ചയിക്കാൻ സാധിക്കില്ലേ?

ഡബിൾ വിദേശികൾ പറയാറുണ്ട്, ഏതെങ്കിലും പ്രോഗ്രാമിന്റെ തിയ്യതി ഒരു വർഷം മുമ്പ് നിശ്ചയിക്കാറുണ്ട്. അങ്ങനെയല്ലേ.. അപ്പോൾ ബാബ പറയുന്നത്, സ്വയത്തെ പ്രത്യക്ഷപ്പെടുത്തുന്ന തിയ്യതി നിശ്ചയിച്ചോ... ഒരുപാട് മീറ്റിംഗുകൾ നടത്തിയല്ലോ.. നടത്തിക്കൊണ്ടുമിരിക്കുന്നുണ്ട്. ഇന്ന് ഈ മീറ്റിംഗ്, നാളെ ഈ മീറ്റിംഗ്.... ഇന്നും നോക്കൂ മൂന്നു മീറ്റിംഗിൽ പങ്കെടുക്കുന്നവരാണ് ഇവിടേക്ക് വന്നിരിക്കുന്നത്. ഇതെല്ലാം വളരെ നല്ലതാണ്, എന്നാൽ ഇപ്പോൾ പറഞ്ഞ കാര്യത്തിന്റെ മീറ്റിംഗിന്റെ തിയ്യതി നിശ്ചയിക്കൂ. എന്താണോ ചിന്തിക്കുന്നത്, അതുതന്നെ പറയണം, പ്രവർത്തിക്കണം. സങ്കല്പം വാക്ക് കർമ്മം ഇവ മൂന്നും ശ്രേഷ്ഠ ലക്ഷ്യത്തിനനുസരിച്ചായിരിക്കണം. ബാപ്ദാദ കാണുന്നുണ്ട്, ഇവരെല്ലാവരും വിശ്വമംഗളത്തിന് നിമിത്തരായ കുട്ടികളാണ്. സർവ്വാത്മാക്കളുടെയും മംഗളകാരികൾ പ്രത്യക്ഷ രൂപത്തിൽ വേദിയിലേക്ക് എപ്പോഴാണ് വരുന്നത്. ഓരോരുത്തരും ഇതിനുളള ഗുപ്ത പുരുഷാർത്ഥത്തിലും ലഹരിയിലുമാണ്. എന്നാൽ ഈ വിശേഷ സങ്കല്പത്തിന്റെ ലഹരിയിൽ എപ്പോഴാണ് മുഴുകുന്നത്? ലഹരിയുണ്ട് എന്നാൽ നിരന്തരം ഈ സങ്കല്പത്തെ സമ്പന്നമാക്കുന്ന കാര്യത്തിൽ മുഴുകിയിരിക്കണം. അതായത് നിരന്തരം ഇതേ സങ്കല്പത്തെ പൂർത്തീകരിക്കാനുളള പ്രത്യക്ഷ സ്വരൂപത്തിലാണോ. ഇപ്പോൾ സങ്കല്പവും കർമ്മവും തമ്മിൽ വ്യത്യാസമുണ്ട്. ഇതെല്ലാം തന്നെ സംഭവിക്കേണ്ടതു തന്നെയാണ്. കുട്ടികൾക്ക് തന്നെ പ്രവർത്തിക്കണം, ബാബ കുട്ടികളുടെ നട്ടെല്ലായുണ്ട്.

അപ്പോൾ ബാപ്ദാദ കാണുന്നു - ഏറ്റവും അധികം തീവ്രഗതിയുടെ സേവനമാണ് വൃത്തിയിലൂടെ വൈബ്രേഷൻ വ്യാപിപ്പിക്കുക എന്നത്. വൃത്തി വളരെ തീവ്രമയ റോക്കറ്റിനെക്കാളും വേഗതയുളളതാണ്. വൃത്തിയിലൂടെ വായുമണ്ഡലത്തെ പരിവർത്തനപ്പെടുത്താൻ സാധിക്കും. എവിടെ വേണമോ എത്ര ആത്മാക്കളോടായാലും വൃത്തിയിലൂടെ ഇവിടെ ഇരുന്നു കൊണ്ട് തന്നെ എത്തിച്ചേരുവാൻ സാധിക്കുന്നു. വൃത്തിയിലൂടെ ദൃഷ്ടി, സൃഷ്ടിയെ പരിവർത്തനപ്പെടുത്തുവാൻ സാധിക്കുന്നു. എന്നാൽ ഒരു കാര്യം വൃത്തിയിലൂടെ സേവനം ചെയ്യുന്ന കാര്യത്തിൽ വിഘ്നം സൃഷ്ടിക്കുന്നു, വൃത്തിയിലൂടെയാണ് വൈബ്രേഷൻ വ്യാപിക്കുന്നത്. താങ്കളുടെ ജഡ ചിത്രങ്ങൾ ഇപ്പോൾ വരെയും അവസാനത്തെ ജന്മം വരെയും വൈബ്രേഷനിലൂടെയാണ് സേവ ചെയ്യുന്നത്. ക്ഷേത്രങ്ങളിൽ കണ്ടിട്ടില്ലേ... ഡബിൾ വിദേശികൾ ക്ഷേത്രങ്ങൾ കണ്ടിട്ടുണ്ടോ... കണ്ടിട്ടില്ലെങ്കിൽ തീർച്ചയായും കാണണം, എന്തുകൊണ്ടെന്നാൽ താങ്കളുടെ തന്നെ ജഡ ചിത്രമല്ലേ. കുമാരിമാർ പറയൂ, ഡബിൾ വിദേശികളുടെ ക്ഷേത്രമാണോ അതോ ഭാരതത്തിലുളളവരുടെ മാത്രം ക്ഷേത്രമാണോ.. എല്ലാവരുടെയും ക്ഷേത്രമാണ്.. നല്ലത്. ആശംസകൾ. ക്ഷേത്രങ്ങളിലുളള മൂർത്തികൾ പ്രത്യക്ഷത്തിൽ വൈബ്രേഷനിലൂടെയാണ് സേവനം ചെയ്യുന്നത്, അതായത് താങ്കൾ ആത്മാക്കൾ, ക്ഷേത്രങ്ങളിലെ മൂർത്തികൾ സേവനം ചെയ്യുന്നു. എത്ര ഭക്തർക്കാണ് ഈ വൈബ്രേഷനിലൂടെ തന്റെ ഇച്ഛകൾ പൂർത്തിയാകുന്നത്. അതിനാൽ അല്ലയോ, ചൈതന്യ മൂർത്തികളേ... ഇപ്പോൾ തന്റെ ശുഭ ഭാവനയുടെ വൃത്തി. ശുഭ കാമനയുടെ വൃത്തിയിലൂടെ വായുമണ്ഡലത്തിലേക്ക് വൈബ്രേഷൻ വ്യാപിക്കൂ. പക്ഷേ പക്ഷേ എന്ന് പറയുന്നത് നല്ലതായി തോന്നുന്നില്ല, എന്നാലും പറയേണ്ടി വരികയാണ്. പാണ്ഡവരോട് ചോദിക്കട്ടെ പക്ഷേ എന്ന വാക്ക് നല്ലതായി തോന്നുന്നുണ്ടോ... തോന്നുന്നില്ലല്ലോ. പക്ഷേ... പക്ഷേ... എന്നാണോ അതോ അതില്ലാതായോ.. ഇതിനായുളള സഹജ വിധിയാണ്, ആദ്യം ഓരോരുത്തരും അവരവരുടെ ഉളളിൽ പരിശോധിക്കൂ, ഒരു സെക്കന്റിൽ

പരിശോധിക്കുവാൻ സാധിക്കുമോ... ഇപ്പോൾ തന്നെ ചെയ്യൂ...

സെക്കന്റ് നൽകട്ടേ, അതോ പറയാൻ തന്നെ സെക്കന്റ് വേണമോ... ഇപ്പോൾ അവനവന്റെ ഉള്ളിൽ പരിശോധിക്കൂ, എന്റെ വൃത്തിയിൽ ഏതെങ്കിലും ആത്മാവിനെ പ്രതിയെങ്കിലും നെഗറ്റീവ് വൈബ്രേഷനുണ്ടോ? വിശ്വത്തെ വായുമണ്ഡലത്തെ പരിവർത്തനപ്പെടുത്തേണ്ടേ... എന്നാൽ തന്റെ മനസ്സിൽ ഒരാത്മാവിനെ പ്രതി എങ്കിലും വ്യർത്ഥമായ വൈബ്രേഷൻ അഥവാ അസത്യമായത് ഉണ്ടെങ്കിൽ അവർക്ക് വിശ്വത്തെ പരിവർത്തനപ്പെടുത്താൻ സാധിക്കില്ല. വിഘ്നം സംഭവിച്ചുകൊണ്ടേയിരിക്കും, പ്രയത്നിച്ച് സമയമെടുക്കേണ്ടതായി വരുന്നു. വായുമണ്ഡലത്തിൽ ശക്തി നിറയുകയില്ല. പലരും പറയാറുണ്ട്, ഇത് അങ്ങനെത്തന്നെയാണെന്ന്, അതിനാൽ വൈബ്രേഷൻ ഉണ്ടാകുമല്ലോ... ബാബയ്ക്ക് പോലും ജ്ഞാനം നൽകാറുണ്ട്, ബാബാ താങ്കൾക്ക് ഇതിനെക്കുറിച്ച് അറിയുകയില്ല. ആ ആത്മാവ് അങ്ങനെത്തന്നെയാണ്. എന്നാൽ ബാബ ചോദിക്കുന്നതിതാണ്, അവർ മോശമാണ്, തെറ്റാണ് കാര്യം ശരി തന്നെ, എന്നാൽ മോശമായതിനെ തന്റെ ചിത്തിൽ വെക്കാനുള്ള അനുമതി ബാബ നൽകിയിട്ടുണ്ടോ? ഇതിന് ബാബ അനുമതി നൽകിയിട്ടില്ലെന്ന് ആരാണോ മനസ്സിലാക്കുന്നത്, അവർ കൈ ഉയർത്തൂ. ടി.വി യിൽ കാണിക്കൂ. (ദാദിയോട്) താങ്കൾ കാണുന്നില്ലേ.. ശരി, കൈ ഉയർത്തിയത് ഓർമ്മയിൽ വെക്കണം. ഡബിൾ വിദേശികൾ കൈകൾ ഉയർത്തിയോ.. ഇതെല്ലാം ബാപ്ദാദയുടെ ടി.വി യിൽ വരുന്നുണ്ട്. ഏതുവരെ ഓരോ ബ്രാഹ്മണാത്മാവിന്റെ വൃത്തിയിലും എങ്ങനെയുള്ള ആത്മാവിനെ പ്രതിയാണെങ്കിലും നെഗറ്റീവ് ഭാവന ഉണ്ടോ, അവർക്ക് വിശ്വമംഗളത്തെ പ്രതി വൃത്തിയിലൂടെ വായുമണ്ഡലത്തിൽ വൈബ്രേഷൻ വ്യാപിക്കുവാൻ സാധിക്കില്ല. ഇത് പക്കാ ആയി മനസ്സിലാക്കണം. എത്ര തന്നെ സേവനം ചെയ്താലും ദിവസേന എട്ട്-എട്ട് പ്രഭാഷണം നടത്തിയാലും, യോഗ ശിബിരം നടത്തിയാലും, പല പ്രകാരത്തിലുള്ള കോഴ്സുകൾ ചെയ്താലും മറ്റുള്ളവരെ പ്രതി തന്റെ വൃത്തിയിൽ പഴയതും മോശവുമായ വൈബ്രേഷൻ വെക്കരുത്. ശരി, അവർ മോശമായിരിക്കും, വളരെയധികം ആക്ഷേപിക്കുന്നവരായിരിക്കും, വളരെയധികം പേർക്ക് ദുഖം നൽകുന്നവരായിരിക്കും, അപ്പോൾ താങ്കൾ അവർ ദുഖം നൽകുന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനു പകരം, അവരെ പരിവർത്തനപ്പെടുത്തുന്ന കാര്യത്തിൽ സഹയോഗിയായിക്കൂടെ. ദുഖത്തിൽ സഹായിക്കേണ്ടതായ ആവശ്യമില്ല, അതിനെ പരിവർത്തനപ്പെടുത്തുന്ന കാര്യത്തിലാണ് സഹായിക്കേണ്ടത്. ഇനി പരിവർത്തനപ്പെടുകയില്ലെന്ന് താങ്കൾ മനസ്സിലാക്കുന്ന ആത്മാവുണ്ടെങ്കിൽ, താങ്കളുടെ തീരുമാനം അവർ പരിവർത്തനപ്പെടില്ല എന്നായിരിക്കും, എന്നാൽ സംഖ്യാക്രമമാണല്ലോ. അവർ പരിവർത്തനപ്പെടില്ലെന്ന് താങ്കൾക്ക് ചിന്തിക്കേണ്ടതായ ആവശ്യമില്ല. താങ്കൾക്ക് തീരുമാനം പറയേണ്ട ആവശ്യമില്ല, അതിന് ബാബയുണ്ടല്ലോ. താങ്കളെല്ലാവരും പരസ്പരം ജഡ്ജാവുകയാണ്. ബാബയും അത് കാണുന്നു. ഇവർ ഇങ്ങനെയാണ്, ഇവർ അങ്ങനെയാണെന്ന്... ബ്രഹ്മാബാബയിൽ പ്രത്യക്ഷമായി കണ്ട കാര്യമിതാണ്, ഇടയ്ക്കിടെ തെറ്റ് ചെയ്യുന്ന ആത്മാവാണെങ്കിലും ബാപ്ദാദ (സാകാര ബാബ) സർവ്വ കുട്ടികൾക്കും സ്നേഹ സ്മരണകൾ നൽകി, സർവ്വരെയും മധുര-മധുരമെന്ന് പറഞ്ഞു. രണ്ട്-നാലു പേർ കയ്പ്പുള്ളതും ബാക്കിയുള്ളവർ മധുരമെന്നും പറഞ്ഞില്ലല്ലോ. എന്നിട്ടും അങ്ങനെയുള്ള ആത്മാവിനെ പ്രതി സദാ ദയാമനസ്കരായി. ക്ഷമാ സാഗരനായി മാറി. താങ്കൾ തന്റെ വൃത്തിയിൽ ഏതെങ്കിലും ആത്മാവിനെ പ്രതി നെഗറ്റീവ് ഭാവന വെക്കുന്നു എങ്കിൽ അതിൽ താങ്കൾക്ക് എന്താണ് നേട്ടം? അഥവാ താങ്കൾക്ക് ഈ കാര്യത്തിൽ നേട്ടമുണ്ടെങ്കിൽ വെക്കാനുള്ള അനുമതിയുണ്ട്. അഥവാ നേട്ടമില്ല പരവശതയാണ് ഉണ്ടാകുന്നത് എങ്കിൽ, ആ കാര്യം വീണ്ടും മുന്നിലേക്ക് വരുന്നു. ബാപ്ദാദ കാണുന്നു, ആ സമയത്ത് അവരുടെ മുഖം കണ്ണാടിയിൽ നോക്കണം. അപ്പോൾ ഏത് കാര്യത്തിലാണോ നമുക്ക് ഒരു നേട്ടവും ഇല്ലാത്തത്, ജ്ഞാനിയാവുക എന്നത് വേറെ കാര്യം, വിവേകമുണ്ട് - ഇത് ശരിയാണ്, ഇത് തെറ്റാണെന്നുള്ളത്. ജ്ഞാനിയാവുന്നത് തെറ്റല്ല, എന്നാൽ അതിനെ വൃത്തിയിൽ ധാരണ ചെയ്യുന്നത് തെറ്റാണ്. എന്തുകൊണ്ടെന്നാൽ സ്വയം മൂഡ്ഓഫാകുന്നു. വ്യർത്ഥ സങ്കല്പങ്ങൾ വരുന്നു, ഓർമ്മയുടെ ശക്തി കുറയുന്നു, നഷ്ടമുണ്ടാകുന്നു. പ്രകൃതിയെ പാവനമാക്കുന്നവരാണ് നിങ്ങൾ എങ്കിൽ ഇത് ആത്മാക്കളുടെ കാര്യമല്ലേ. വൃത്തി, വൈബ്രേഷൻ, വായുമണ്ഡലം ഇവ മൂന്നിലും സംബന്ധമുണ്ട്. വൃത്തിയിലൂടെ വൈബ്രേഷനുണ്ടാകുന്നു, വൈബ്രേഷനിലൂടെ വായുമണ്ഡലം. മുഖ്യമായത് വൃത്തിയാണ്. അഥവാ എത്രയും പെട്ടെന്ന് ബാബയുടെ പ്രത്യക്ഷതയുണ്ടാകണമെങ്കിൽ, പ്രയത്നവും തീവ്രഗതിയിൽ ചെയ്യണം. എല്ലാവരും തന്റെ വൃത്തിയിൽ സ്വയത്തെ പ്രതി മറ്റുള്ളവരെ പ്രതി പോസിറ്റീവ് ധാരണ ചെയ്യണം. ജ്ഞാനികളായി തീർച്ചയായും മാറണം എന്നാൽ തന്റെ മനസ്സിൽ നെഗറ്റീവ് ധാരണ ചെയ്യരുത്. നെഗറ്റീവ് അർത്ഥം അഴുക്കാണ്. ഇപ്പോൾ വൃത്തിയെ ശക്തിശാലിയാക്കി മാറ്റൂ. വൈബ്രേഷൻ ശക്തിശാലിയാക്കൂ. വായുമണ്ഡലം ശക്തിശാലിയാക്കൂ. എന്തുകൊണ്ടെന്നാൽ എല്ലാവരും അനുഭവം ചെയ്തതല്ലേ, വാക്കുകളിലൂടെയുള്ള പരിവർത്തനം, ശിക്ഷണങ്ങളിലൂടെയുള്ള പരിവർത്തനം മന്ദ ഗതിയിലായിരിക്കുമെന്നുള്ളത്. പരിവർത്തനം സംഭവ്യമാണ് എന്നാൽ മന്ദഗതിയിലാണ്. അഥവാ താങ്കൾ തീവ്ര ഗതിയാണ് ആഗ്രഹിക്കുന്നത് എങ്കിൽ വിവേകശാലിയായി ക്ഷമാ സ്വരൂപമായി, ദയാമനസ്കരായി

ശുഭഭാവന ശുഭകാമനയിലൂടെ വായുമണ്ഡലത്തെ പരിവർത്തനപ്പെടുത്തൂ. താങ്കൾ പ്രത്യക്ഷത്തിൽ കണ്ടതല്ലേ, ആരെല്ലാമാണോ മധുബനിലേക്ക് വരുന്നത്, അവർ ഏറ്റവും കൂടുതൽ ഏതു കാര്യത്തിലാണ് പ്രഭാവിതരാകുന്നത്. വായുമണ്ഡലത്തിൽ. ഇവിടെയും (മധുബൻ) എല്ലാവരും സംഖ്യാക്രമത്തിലാണെങ്കിൽ പോലും ഇവിടെ ബ്രഹ്മാബാബയുടെയും കർമ്മഭൂമിയാണ്. ബാപ്ദാദയുടെ വരദാനി ഭൂമിയാണ്. അത് വായുമണ്ഡലത്തെ പരിവർത്തനപ്പെടുത്തുന്നു. അനുഭവമല്ലേ.. അപ്പോൾ വൈബ്രേഷനിലൂടെ വായുമണ്ഡലത്തെ നിർമ്മിക്കുക. ഇതാണ് തീവ്രഗതിയിൽ ഹൃദയത്തിൽ പതിയുക. വായുമണ്ഡലം ഹൃദയത്തിൽ ആഴ്ന്നു പതിയുന്നു. കേൾവിപ്പെട്ട കാര്യങ്ങൾ പിന്നെയും മറക്കുന്നു, എന്നാൽ വായുമണ്ഡലത്തിന്റെ പ്രഭാവം ഹൃദയത്തിൽ പതിയുന്നു. അതൊരിക്കലും മറക്കാൻ സാധിക്കില്ല. അങ്ങനെയല്ലേ. അപ്പോൾ ബാപ്ദാദ കേട്ടുകൊണ്ടിരിക്കുന്നുണ്ട്, പ്രത്യക്ഷത എപ്പോൾ ഉണ്ടാകുന്നു? പരസ്പരം ആത്മീയ സംഭാഷണം വളരെ നല്ല രീതിയിൽ നടക്കുന്നു. നല്ലതാണ്, പാണ്ഡവർ പറയൂ, ഇനി എന്തു ചെയ്യണമെന്ന്. വായുമണ്ഡലത്തെ ശക്തിശാലിയാക്കണം. സേവാകേന്ദ്രത്തിന്റെ വായുമണ്ഡലമാണെങ്കിലും, ഏതു തന്നെ സ്ഥാനമാണെങ്കിലും, അത് പ്രവൃത്തിമാർഗ്ഗത്തിലാണെങ്കിലും വായുമണ്ഡലം ശക്തിശാലി. നാനാ വശത്തെയും വായുമണ്ഡലം സമ്പൂർണ്ണ നിർവ്വിഘ്നമാണെങ്കിൽ എല്ലാവരും ദയാമനസ്കരാണ്, ശുഭാവന ശുഭകാമന സമ്പന്നരാണെങ്കിൽ, പ്രത്യക്ഷതയ്ക്കായി ഒട്ടും വൈകുകയില്ല.

ഇപ്പോൾ ബാപ്ദാദ നൽകിയ തിയ്യതി ബാപ്ദാദയ്ക്ക് ഓർമ്മയുണ്ട്. കണക്ക് ചോദിക്കുമല്ലോ. ഓരോരുത്തരും തന്റെ കണക്ക് വെക്കുമല്ലോ. അപ്പോൾ കണക്കെടുക്കുമ്പോൾ ബാപ്ദാദ പരിശോധിക്കുന്നതിതാണ് – വൃത്തിയിൽ, ദൃഷ്ടിയിൽ, വാക്കിൽ ദയാമനസ്കത, ശുഭഭാവന, ശുഭകാമന സമ്പന്ന ആത്മാവായി എത്രത്തോളം ആയിക്കഴിഞ്ഞു? ഇനിയും 15 ദിവസമുണ്ടല്ലോ. കൂടുതലാണ്. ശരി, ആരെല്ലാമാണോ ചെയ്യാത്തത് അവർ 15 ദിവസം കൊണ്ട് ചെയ്താലും പാസ്സാകുന്നതാണ്. കഴിഞ്ഞു പോയതിനെ ബിന്ദു വെക്കൂ. ദയയുടെ സിന്ദു(സാഗരം) ആയിത്തീരൂ. ക്ഷമയുടെ സിന്ദു ആയിത്തീരൂ. (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു)

എല്ലാവരും കേട്ടല്ലോ, ശരി. മൂന്നു മീറ്റിംഗിൽ പങ്കെടുക്കാനായി എത്തിയിട്ടുണ്ടല്ലോ. അതിൽ സ്പാർക്ക് വിംഗിൽ വന്നവർ കൈ ഉയർത്തൂ. ശരി, വളരെയധികം നല്ലത്. ഇപ്പോൾ ഈ വിഷയത്തിനു മേൽ ഗവേഷണം നടത്തൂ. എങ്ങനെ വായുമണ്ഡലത്തെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കുവാൻ സാധിക്കും? ഗവേഷണം നടത്തുന്നില്ലേ. ഇങ്ങനെയൊരു വായുമണ്ഡലം ഉണ്ടാക്കുന്നതിനു വേണ്ടി എന്തെല്ലാം ബുദ്ധിയിൽ വെക്കണം. ഏതെല്ലാം കർമ്മങ്ങൾ ചെയ്യണം. എങ്ങനെ സംബന്ധ സമ്പർക്കത്തിലേക്ക് വരണം. നല്ലതാണ്, എല്ലാവരും സ്വയത്തെ ബിസിയാക്കി വെക്കുന്നുണ്ടല്ലോ. നല്ല കാര്യമാണ്. എന്നാൽ ബാപ്ദാദ ആ ഒരു അനുഭവം പ്രത്യക്ഷത്തിൽ കാണാൻ ആഗ്രഹിക്കുന്നു, എങ്ങനെ ജീവിതത്തിൽ പ്രത്യക്ഷത്തിൽ കാണിക്കുന്നു, അതിന്റെ റിസൾട്ട് എന്താണ്? അഥവാ ഇടയ്ക്ക് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടു എങ്കിൽ എന്തെല്ലാം നേരിടേണ്ടതായി വന്നു. ഇത് പ്രത്യക്ഷത്തിൽ അനുഭവം ചെയ്യണം അല്ലാതെ പോയിന്റ്സിലൂടെ ഇത് ചെയ്യണം.. ഇത് ചെയ്യണം... എന്ന് മാത്രം എഴുതിയിട്ടു കാര്യമില്ല. അനുഭവം ചെയ്ത് മാതൃകയായി കാണിക്കൂ, എന്നാൽ ഈ ഉദാഹരണം എല്ലാവർക്കും സഹയോഗം നൽകുന്നു. ശരിയല്ലേ. ഇവർ (രമേശ് ഭായി) നിമിത്തമല്ലേ. നല്ലത്. ഇനിയും 15 പതിനഞ്ച് ദിവസമുണ്ടല്ലോ, അവസാനമായിട്ടില്ല. ഒരുപാട് കഴിഞ്ഞു. എന്നാൽ കുറച്ച് അവശേഷിക്കുന്നു. അപ്പോൾ സ്പാർക്കുകാർ ഇതുപോലെ പ്രത്യക്ഷത്തിൽ ചെയ്ത് കാണിക്കൂ. മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കൂ. ശരിയല്ലേ. ചെയ്യാൻ സാധിക്കുമോ? വളരെ നല്ലത്.

രണ്ടാമത്തെ മീറ്റിംഗ് – ട്രാൻസ്പോർട്ട് (ഗതാഗതം) വിംഗിന്റെത് – ട്രാൻസ്പോർട്ടിലുള്ളവർ എല്ലാവർക്കും സുഖം നൽകുന്നു. ട്രാൻസ്പോർട്ടിലുള്ളവർ കൈകൾ ഉയർത്തൂ. നല്ലത്, സഹോദരിമാരുണ്ടല്ലോ, സഹോദരിമാരില്ലാതെ ഗതിയില്ല. അപ്പോൾ ട്രാൻസ്പോർട്ടിലുള്ളവർ എന്ത് ചെയ്യും? കേവലം യാത്ര ചെയ്യിക്കുകയാണോ? ട്രാൻസ്പോർട്ടിലുള്ളവർ പരസ്പരം ഇങ്ങനെയുള്ള പ്രോഗ്രാം ഉണ്ടാക്കൂ, ഏതൊരു ആത്മാവിനെയും ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ദുഖത്തിന്റെ ലോകത്തിൽ നിന്നും മറികടത്തി കുറച്ചു സമയത്തേക്കാണെങ്കിലും ശാന്തിയുടെ യാത്ര ചെയ്യിക്കാൻ സാധിക്കണം. ശരി, പരംധാമം വരെക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടായിരിക്കും, എന്നാൽ ഈ ദുഖത്തിന്റെ ലോകത്തിൽ തന്നെ ശാന്തിയുടെ യാത്ര ചെയ്യിക്കാൻ സാധിക്കുമല്ലോ. മറ്റുള്ള പദ്ധതികളെല്ലാം ധാരാളമുണ്ടാക്കൂ, നാനാ പ്രകാരത്തിലുള്ള യാത്രകൾ നടത്തുന്നവരെല്ലാം ബാബയുടെ സന്ദേശം എത്തിക്കുന്നുണ്ട്. എത്തിക്കുക തന്നെ വേണം, ഏതൊരു വിഭാഗത്തിലുള്ളവരും സന്ദേശം ലഭിക്കാതെ അവശേഷിക്കരുത്. ഓരോ വിഭാഗത്തിലും സേവനം നടക്കുന്നത് നല്ലതാണ്, ആർക്കും പരാതിയുണ്ടാകില്ലല്ലോ. ഏതൊരു വിഭാഗവും അവശേഷിക്കരുത്. ഓരോരുത്തരും തന്റെതായ വിഭാഗത്തെ മുന്നോട്ടു കൊണ്ടു പോകാനുള്ള ഉണർവ്വ് വെക്കുന്നുണ്ടല്ലോ.

ഇത് വളരെ നല്ലതാണ്. ഇപ്പോൾ ഏതെല്ലാം വിഭാഗത്തിലുള്ളവരാണോ വന്നിരിക്കുന്നത്, എത്ര സമയമായി ഈ വിംഗ് രൂപീകരിച്ചിട്ട്? ഒന്നോ രണ്ടോ വർഷമായോ അതോ അതിൽ കൂടുതലോ? (10-12 വർഷം) അപ്പോൾ ഈ വിഭാഗത്തിന്റെ സേവനം തുടങ്ങിയിട്ട് 10-12 വർഷങ്ങളായോ? വളരെ നല്ലത്. ഒരുപാട് സമയമായല്ലോ. ഈ വിഭാഗത്തിലുള്ളവരെ പ്രതി ബാപ്ദാദയ്ക്ക് ഒരു സങ്കല്പമുണ്ട്. ബാപ്ദാദ രണ്ടു മൂന്നു തവണ പറഞ്ഞിരുന്നു, എന്നാൽ അത് സംഭവിച്ചില്ല. ഓരോ വിംഗിലുള്ളവരും ആരാണെങ്കിലും എത്ര സമയം സേവനം ചെയ്തുവോ, ഓരോ വിംഗിലെയും വിശേഷ സേവാധാരികൾ, അവർ സഹയോഗികളാകാം, പകുതി യോഗികളാകാം, ഇടയ്ക്കിടെ വരുന്നവരാകാം, നിരന്തരം വരുന്നവരാകില്ല, അങ്ങനെ ഓരോ വിംഗിലുള്ളവരും കുറഞ്ഞത്, അഞ്ചു പേരെങ്കിലും മുന്നോട്ട് വരണം. മധുബനിലേക്ക് 10-12 പേരാണെങ്കിലും കുറഞ്ഞത് 5 പക്കാ സഹയോഗികളെ മുന്നിലേക്ക് കൊണ്ടു വരൂ. നല്ല സഹയോഗികൾ സേവനത്തിനു നിമിത്തമായ അഞ്ച് പേരെ കൊണ്ടു വരാൻ സാധിക്കുമോ ഇല്ലയോ. കൊണ്ടു വരാൻ സാധിക്കുമെങ്കിൽ കൊണ്ടു വരൂ. (എപ്പോൾ കൊണ്ടു വരണം?) അത് ദാദിമാർ പറയും. (ബാപ്ദാദയുടെ പ്രോഗ്രാം നടക്കുമ്പോൾ കൊണ്ടു വരൂ) അവർ ബാപ്ദാദയുമായി മിലനം നടത്തുവാൻ യോഗ്യരും കൂടിയായിരിക്കണം. അഞ്ച് പേരെ എന്തായാലും കൊണ്ടുവരാൻ സാധിക്കുമല്ലോ. കൂടുതലൊന്നുമില്ല, കേവലം അഞ്ച് പേർ. പിന്നീട് അവരെ ദാദിമാർ പാസ്സാക്കും.

ഇഞ്ചിനിയർസ് - ഇഞ്ചിനിയർമാരുടെ ജോലി തന്നെ പ്ലാനുകൾ ഉണ്ടാക്കുക എന്നതാണ്. അപ്പോൾ തീവ്ര പുരുഷാർത്ഥത്തിനുള്ള എന്തെങ്കിലും പ്ലാനുകൾ ഉണ്ടാക്കിയോ അതോ കേവലം സേവനത്തിന്റെ മാത്രമാണോ? ഇഞ്ചിനിയർമാർക്ക് ഓരോ മാസവും തീവ്ര പുരുഷാർത്ഥത്തിനുള്ള പുതിയ-പുതിയ പദ്ധതികൾ തയ്യാറാക്കണം. നിങ്ങൾ അഭിപ്രായങ്ങൾ നൽകൂ ബാക്കി ദാദിമാർ തീരുമാനിക്കും. ദാദിമാർ താങ്കളുടെ സാഥിയാണ്(കൂട്ടുകാരാണ്). എന്നാൽ ഇഞ്ചിനിയർമാരും ശാസ്ത്രജ്ഞരും, ഇവർക്ക് എത്രയും പെട്ടെന്ന് പുതിയ ലോകം സ്ഥാപിതമാകുവാനുള്ള പദ്ധതികൾ ഉണ്ടാക്കണം. ഈയൊരു കാര്യത്തിനായുള്ള മീറ്റിംഗുകൾ ഉണ്ടാക്കണം, പദ്ധതികൾ രൂപീകരിക്കണം. എപ്പോൾ വരെ? ഏതെങ്കിലും തീവ്രഗതിയുടെ പ്ലാനുകൾ ഉണ്ടാക്കൂ, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ലക്ഷ്യം ഇതു തന്നെയാണല്ലോ നമ്മുടെ രാജ്യം എത്രയും പെട്ടെന്ന് വരണം. അപ്പോൾ ഇങ്ങനെയുള്ള പ്ലാനുകൾ ഉണ്ടാക്കൂ, സേവനത്തിലും കുറച്ചു സമയത്തിനുള്ളിൽ എത്രയും പെട്ടെന്ന് സഫലത പ്രത്യക്ഷത്തിൽ കാണപ്പെടണം. ഇതുപോലൊരു പദ്ധതി ഉണ്ടാക്കില്ലേ. അവസാനത്തെ ബാബാ മിലനത്തിൽ എല്ലാവരും റിപ്പോർട്ടുകൾ കേൾപ്പിക്കണം. ഓരോ വിഭാഗത്തിൽ പെട്ടവരും സഫലതയെ തീവ്രമാക്കാനുള്ള എന്തെല്ലാം പദധതികളുണ്ടാക്കി. കേവലം പ്ലാനുകൾ ഉണ്ടാക്കിയാൽ മാത്രം പോരാ, 15 ദിവസം അതിന്റെ അഭ്യാസം ചെയ്യണം, പ്രത്യക്ഷത്തിലേക്ക് കൊണ്ടു വരണം. ശരിയല്ലേ. ഇപ്പോൾ പ്രത്യക്ഷത്തിലേക്ക് വരണ്ടേ, പലരും ഇതു തന്നെയാണ് പറയുന്നത്, ബാപ്ദാദ എല്ലാവരുടെയും ആത്മീയ സംഭാഷണം, കേട്ടുകൊണ്ടിരിക്കുന്നുണ്ട്. എല്ലാവരും പറയുന്നത്, പ്രത്യക്ഷതയുണ്ടാകണമെന്നാണ്. ബാബയും താങ്കളിലൂടെയല്ലേ പ്രത്യക്ഷപ്പെടുക. ശരി, ഇപ്പോൾ തന്നെ തന്റെ വൃത്തിയെ ഏകാഗ്രമാക്കുവാൻ സാധിക്കമോ? എവിടെയും വൃത്തി ചഞ്ചലപ്പെടരുത്. അചഞ്ചലവും, ഏകാഗ്രവും ശക്തിശാലിയുമായിരിക്കണം. (ബാപ്ദാദ ട്രിൽ ചെയ്യിച്ചു) ശരി.

നാനാവശത്തെയുമുള്ള എല്ലാ സേവാധാരി കുട്ടികൾക്കും സദാ തന്റെ ശ്രേഷ്ഠ വൈബ്രേഷനിലൂടെ സേവ ചെയ്യുന്ന, തീവ്രഗതിയിൽ പുരുഷാർത്ഥം ചെയ്യുന്ന, കുട്ടികൾക്ക്, സദാ ക്ഷമയുടെ മാസ്റ്റർ സാഗരന്, സദാ ശുഭ ഭാവന, ശുഭകാമനയിലൂടെ, വളരെയധികം ദുർബല ആത്മാക്കളെയും ശക്തിശാലിയാക്കി മാറ്റുന്ന, അങ്ങനെയുള്ള മാസ്റ്റർ സർവ്വ ശക്തരായ കുട്ടികൾക്ക് ബാപ്ദാദയുടെ വളരെയധികം സ്നേഹ സ്മരണകളും നമസ്തേയും.

**വരദാനം - സമയമനുസരിച്ച് ഓരോ കാര്യത്തിലും സഫലത പ്രാപ്തമാക്കുന്ന ജ്ഞാനി തൂ യോഗീ തൂ ആത്മാവായി ഭവിയ്ക്കട്ടെ.**

ജ്ഞാനം അർത്ഥം വിവേകം. വിവേകശാലി അർത്ഥം ആരാണോ സമയമനുസരിച്ച് വിവേകപൂർവ്വം കാര്യങ്ങൾ ചെയ്തുകൊണ്ടും സഫലത പ്രാപ്തമാക്കുന്നത്. വിവേകശാലിയുടെ അടയാളമാണ് അവർ ഒരിക്കലും ചതിക്കപ്പെടുകയില്ല. യോഗിയുടെ അടയാളമാണ് വ്യക്തവും ശുദ്ധവുമായ ബുദ്ധിയുള്ളവർ. ആരുടെ ബുദ്ധിയാണോ വ്യക്തവും ശുദ്ധവുമായിരിക്കുന്നത്, അവർ ഒരിക്കലും ഇങ്ങനെ പറയുകയില്ല, എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയില്ല.... ഈയൊരു വാക്ക് ജ്ഞാനി യോഗി ആത്മാവിന്റേതല്ല, അവർ ജ്ഞാനത്തെയും യോഗത്തെയും ഓരോ കർമ്മത്തിലും കൊണ്ടു വരുന്നു.

**സ്ലോഗൻ - ആരാണോ തന്റെ അനാദി ആദി സ്വഭാവ-സംസ്കാരത്തെ സ്മൃതിയിൽ വെക്കുന്നത്, അവർക്കു മാത്രമേ അചഞ്ചലരും ദൃഢതയുള്ളവരുമാകുവാൻ സാധിക്കൂ.**